**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1625** **19-09-2025 - ൽ മറുപടിയ്ക്ക്**

**പാലാ ബൈപാസ് റോഡ് പൂർത്തീകരിക്കാൻ സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പാലാ ബൈപാസ് റോഡ്, ഏറ്റുമാന്നൂർ പൂഞ്ഞാർ ഹൈവേയുമായി ചേരുന്ന അരുണാപുരം ജംഗ്ഷനിൽ ശ്രീ. സാജൻ ഗീതാഞ്ജലി എന്ന ആളുടെ സ്ഥലം ഏറ്റെടുക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് എത്ര തുകയാണ് അനുവദിച്ചിരിക്കുന്നത്; തുക അനുവദിച്ചിട്ടില്ലെങ്കിൽ തുക അനുവദിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (എ) | ശ്രീ.സാജൻ, ഗീതാഞ്ജലി എന്നയാളുടെ വസ്തു ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസുകൾ ഫയൽ ചെയ്തിരുന്നതിനാൽ ടിയാന്റെ സ്ഥലം മാത്രം ഏറ്റെടുക്കുവാൻ സാധിച്ചിരുന്നില്ല. പാലാ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റ് സ്ഥലങ്ങളെല്ലാം പൂർണ്ണമായി ഏറ്റെടുത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പഴയ ഉത്തരവുകളുടെ കാലാവധി കഴിഞ്ഞിട്ടുള്ളതും, ഭൂമി ഏറ്റെടുക്കലിന് പുതിയ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതുമാണ്. വിലനിർണ്ണയത്തിനെതിരെ ശ്രീ.സാജൻ ബഹു.ഹൈക്കോടതിയിൽ WP(C) 12604/2024 ആയി ഫയൽ ചെയ്ത കേസ് നിലനില്ക്കുന്നതാണ്. കേസിന്റെ അടുത്ത വിചാരണ 08/10/2025-ൽ ആണ് നിശ്ചയിച്ചിരിക്കുന്നത്. വിധിപ്രസ്താവത്തിനു ശേഷം മാത്രമേ നഷ്ടപരിഹാരത്തുക കണക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ